## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1897 — 06-02-2019 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രളയ സാധ്യതാ മേഖലകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കേരളത്തിലെ പ്രളയ സാധ്യതാ മേഖലകൾ ഏതെല്ലാമാണ് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | എ) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, രാജ്യത്തു തന്നെ ആദ്യമായി പൊതു ജനങ്ങൾക്ക് ഗൂഗിൾ എർത്ത് സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കത്തക്ക രീതിയിൽ പ്രളയ സാധ്യതാ ഭൂപടം 2016 ൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 07/09/2018 തീയതിയിലെ സ.ഉ(കൈ)നം.20/ 2018/ഡി.എം.ഡി പ്രകാരം ഫ്ളഡ് & ലാന്റ് സ്ളൈഡ് പ്രോൺ ഏരിയ മാപ്പിംഗ് നടത്തുന്നതിന് (Flood & landslide prone area mapping) സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| ബി) | കേരള ഭൂവിസ്തൃതിയുടെ എത്ര ശതമാനം, വെള്ളപ്പൊക്ക സാധ്യതാ പ്രദേശമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ; | ബി) | 5624.1 sq. km, 14.5% പ്രദേശം |
| സി) | പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ സുരക്ഷിത മേഖലയിലേക്ക് എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) | അതാത് പ്രദേശത്തെ എല്ലാ ഗതാഗത മാർഗങ്ങളും ഭൂപടമാക്കി അതതു ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രളയം ബാധിക്കുവാൻ സാധ്യതയുള്ള റോഡ്, റയിൽ ഗതാഗത മാർഗങ്ങളും പ്രത്യേക പട്ടികയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ